# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.725**

**17.07.2012-ൽ മറുപടിക്ക്**

## ഇ-കൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ഡോ. കെ. ടി. ജലീൽ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.കെ. വി. വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷിയുടെ വികസനത്തിന് സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം എന്താണെന്ന് വെളിപ്പെടുത്താമോ; | എ) കൃഷിയുടെ വിവിധ വശങ്ങളെ പുതിയ സാങ്കേതിക വിദ്യയിൽ കൂട്ടിയിണക്കി കർഷകന്റേയും നാടിന്റേയും ഉന്നതിക്കായി വഴി തെളിക്കുന്നതാണ് ഇലക്ട്രോണിക് കൃഷി എന്നു വിളിക്കാവുന്ന ഇ-കൃഷിയുടെ കാതൽ. കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റേയും അക്ഷയയുടേയും, കൃഷി വകുപ്പിന്റേയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റേയും, ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. കാർഷിക മേഖലയിലെ വിത്തു തൊട്ട് വിപണനം വരെയുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനോടൊപ്പം കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ആഗോള തലത്തിൽ മെച്ചപ്പെട്ട വില ലഭ്യമാക്കുക വഴി ഇടനിലക്കാരുടെ ചൂഷണം ഒരു പരിധി വരെ ഒഴിവാക്കുക എന്നതാണ് ഇ-കൃഷിയുടെ ലക്ഷ്യം. വിളവെടുപ്പിനു മുമ്പുതന്നെ കർഷകർക്ക് സ്വന്തം ഉൽപ്പന്നങ്ങളെക്കുറിച്ച് ഇന്റർനെറ്റിൽ പരസ്യം ചെയ്യുന്നതിനും കച്ചവടക്കാർക്ക് ആവശ്യങ്ങൾ |

അറിയിക്കുന്നതിനും ഇ-കൃഷി പ്രയോജനപ്പെടുത്തുന്നു.

ബി) ഇ-കൃഷി പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണ്; ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതി എന്താണെന്നും ഇതിന് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയാണെന്നും ലക്ഷ്യം കൈവരിക്കുന്നതിന് ഇത് പര്യാപ്തമാണോ എന്നും വിശദീകരിക്കുമോ?

ബി) യു..എൻ.ഡി.പി. (യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം) യുടെ പദ്ധതി പ്രകാരം ഐ.ടി.മിഷൻ നടപ്പിലാക്കിയ പദ്ധതിയാണ് ഇ-കൃഷി. 175 പഞ്ചായത്തുകളിലെ കൃഷിക്കാരുടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കിയിട്ടുണ്ട്. ആയത് അതത് പഞ്ചായത്തിലെ കൃഷി ആഫീസർമാരുടെ മേൽനോട്ടത്തിലും സാങ്കേതിക സഹായത്തിലുമായി നടപ്പിലാക്കി. ഇ-കൃഷി പദ്ധതിക്കായി സംസ്ഥാനത്തെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. ഐ.ടി മിഷൻ നടപ്പിലാക്കുന്ന ഇതര ഐ.ടി സംരംഭങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ആവശ്യാനുസരണം ഇ-കൃഷിക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതിക്ക് വേണ്ടുന്ന സാമ്പത്തിക സഹായം നൽകുന്നത് ഈ പദ്ധതിയിൽ ചേരുന്ന പഞ്ചായത്തുകളാണ്. ഇതിന്റെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത് കൃഷി ഓഫീസറും സാങ്കേതിക സഹായം നൽകുന്നത് കേരള സംസ്ഥാന ഐ.ടി മിഷനുമാണ്.

സെക്ഷൻ ഓഫീസർ